No.CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## 2017 ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം: നീറ്റ് ഫലം സമർപ്പിക്കുന്നതിനും പുതുതായി അപേക്ഷിക്കുന്നതിനും അവസരം

2017-18 അദ്ധ്യയന വർഷം കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനത്തിനായുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്ക് വിദ്യാർത്ഥികൾ അവരവരുടെ നീറ്റ് 2017 ഫലം പ്രവേശനപ്പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. കേരളത്തിലെ സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലെയും, സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/മൈനോറിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും പ്രവേശനം സി.ബി.എസ്.ഇ ലഭ്യമാക്കുന്ന നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലസ്റ്റിൽ നിന്നും ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും.

മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിന് സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്കായി നീറ്റ് 2017 ഫലം പ്രവേശനപ്പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിനും അതോടൊപ്പം നീറ്റ് പരീക്ഷയിൽ യോഗ്യത നേടിയെങ്കിലും പ്രവേശനപ്പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ ഇതിനോടകം സമർപ്പിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും **2017 ജൂലായ് 2 മുതൽ 6 വരെ** പ്രവേശനപ്പരീക്ഷാകമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ സൗകര്യം ലഭ്യമാകുന്നതാണ്.

വിശദമായ വിജ്ഞാപനം 01/07/2017–ന് പുറപ്പെടുവിക്കുന്നതാണ്.

തിരുവനന്തപുരം
29.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**